[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, മേപ്പയൂരിൽനിന്നും 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 9 കിലോമീറ്റർ ലൈൻ വലിച്ച് പേരാമ്പ്രയിൽ ഒരു 33. കെ.വി. സബ്സ്റ്റേഷനാണ് ഉദ്ദേശിക്കുന്നത്. സ്ഥലം ലഭ്യമായെങ്കിലും ലൈൻ വലിക്കാനുള്ള സ്ഥലം സംബന്ധിച്ച് തർക്കം വന്നതാണ്, ഇതിനുണ്ടായ തടസ്സം. എം.എൽ.എ.-യും പഞ്ചായത്ത് പ്രസിഡന്റുമുൾപ്പെടെയുള്ളവർ ഇടപെട്ട് തർക്കങ്ങളെല്ലാം തീർത്ത് 2012 ആകുമ്പോഴേയ്ക്കും ലൈൻ വലിക്കാനുള്ള സ്ഥലമായിരുന്നു. ലൈൻ വലിച്ചുവരുന്ന സമയത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെവഴിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റേണ്ടതിന്റെ പേരിൽ വീണ്ടും തടസ്സം വരികയും സമയം നീണ്ടു പോകുകയും ചെയ്തു. അതുകഴിഞ്ഞ് റേറ്റ് പുതിയ ഷെഡ്യൂളിലാക്കിത്തരണമെന്ന് കോൺട്രാക്ടർ ആവശ്യപ്പെട്ടപ്പോൾ അതിന് വീണ്ടും തടസ്സം വന്നു. ഏതായാലും കൺട്രോൾ റൂമിന്റെ ടെണ്ടർ നൽകിക്കഴിഞ്ഞു. 2016 ഡിസംബർ എന്നുള്ളത് ആഗസ്റ്റ് പതിനഞ്ചോടുകൂടി ലൈനിന്റെ പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കും. അതു കഴിഞ്ഞാൽ കൺട്രോൾ റൂമിന്റേതാണ്. ടെണ്ടർ ചെയ്തപ്പോൾ വളരെ കൂടുതൽ റേറ്റിലായി വന്നു. അത് നൽകാൻ നിവൃത്തിയില്ലാത്തതുകൊണ്ട് റീ-ടെണ്ടർ ചെയ്യേണ്ടിവന്നു. പക്ഷേ എത്ര താമസിച്ചാലും 2016 മാർച്ച് 31-നുമുമ്പ് പൂർത്തീകരിക്കാൻ സാധിക്കും.

7. സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കൽ

ശ്രീ. റ്റി. യു. കുരുവിള : സർ, കോതമംഗലം തടി ഡിപ്പോ ബി.റ്റി.ആർ. അനുസരിച്ച് പുറമ്പോക്കാണ്. അതിനാൽ 7-9-2013-ലെ സർക്കാർ ഉത്തരവനുസരിച്ച് ഫോറസ്റ്റിനാവശ്യമായ സ്ഥലം വിട്ടുകൊടുത്ത് ബാക്കിസ്ഥലം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുവാനും 75 സെന്റ് സ്ഥലം മുനിസിപ്പാലിറ്റിക്ക് പൊതുആവശ്യത്തിനായി വിട്ടുകൊടുക്കുവാനുമാവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിനെതിരെ ഗ്രീൻ ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിരിക്കുകയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഈ ഓർഡറിനെതിരായിട്ടാണ് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇത് ഗവൺമെന്റ് ഉത്തരവിനെതിരായി വരുന്നതിനാൽ ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കുന്നതിനായി റവന്യൂ, ഫോറസ്റ്റ് എന്നീ രണ്ട് ഡിപ്പാർട്ടുമെന്റുകളുടേയും സ്റ്റേറ്റ്മെന്റ് സംയുക്തമാക്കി ലാ ഡിപ്പാർട്ടുമെന്റുവഴി സബ്മിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. ഗവൺമെന്റ് ഉത്തരവിനെതിരായാണ് വനം വകുപ്പ് സ്റ്റേറ്റ്മെന്റ് കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതെന്നാണ് അറിയുന്നത്. അതിനാൽ രണ്ട് ഡിപ്പാർട്ടുമെന്റുകളും സംയുക്തമായി തീരുമാനമെടുത്ത് ലാ ഡിപ്പാർട്ടുമെന്റ് മുഖേന ഗവൺമെന്റിനുവേണ്ടി സമർപ്പിക്കണമെന്നാണ് അപേക്ഷിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, കോതമംഗലം മുനിസിപ്പാലിറ്റിയുടെ വികസനോന്മുഖമായ പ്രവർത്തനങ്ങളുടെ ആവശ്യാർത്ഥം നിലവിൽ വനം വകുപ്പിന്റെ കൈവശത്തിലുള്ളതും റവന്യൂ രേഖകളിൽ റവന്യൂ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് ഈ വകുപ്പിൽനിന്നും ആർ.ടി. നമ്പർ 4927/13, തീയതി 7-9-2013-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പ്രസ്തുത ഭൂമി വിട്ടുനൽകുവാൻ വനം വകുപ്പ് വിസമ്മതം പ്രകടിപ്പിക്കുന്ന സാഹചര്യത്തിൽ ആയത് പ്രാവർത്തികമാക്കുവാനായിട്ടില്ല. ടി വിഷയത്തിൽ നാഷണൽ ഗ്രീൻ ട്രിബ്യൂണൽ മുമ്പാകെ നിലവിലിരിക്കുന്ന കേസിലെ ഇടക്കാല ഉത്തരവനുസരിച്ച് മേൽ സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട ട്രിബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. ട്രിബ്യൂണൽ മുമ്പാകെ നിലവിലുള്ള ഒ.എ. 214/2014 എന്ന കേസ്സിൽ പരാതിക്കാരനായ എം.ജി. ബേബി എന്ന ആൾ വനംവകുപ്പുമായി ചേർന്ന് പൊതുകാര്യ വിവരണ പത്രിക ഫയൽ ചെയ്യുവാനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. ഇക്കാര്യത്തിൽ ഭൂമിയെ സംബന്ധിച്ച് വനം വകുപ്പുമായി നിലനിൽക്കുന്ന തർക്കം ആത്യന്തികമായി പരാതിക്കാരന് അനുകൂലമായ സ്ഥിതി വിശേഷം ഗ്രീൻ ട്രിബ്യൂണൽ കേസ്സിൽ സംജാതമാക്കുമെന്ന സ്ഥിതിവിശേഷം കണക്കിലെടുത്ത് വനംവകുപ്പുമായി നീക്കുപോക്ക് നടത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുവർത്തിച്ചുവരികയാണ്. നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന തടി ഡിപ്പോ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം വളരെ നാളുകളായി ഇക്കാര്യവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തുകയും ഈ ആവശ്യം നേടിയെടുക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പല മീറ്റിംഗുകളും നടത്തിയിട്ടുള്ളതുമാണ്. വനം വകുപ്പുമായി ബന്ധപ്പെട്ട്, നീതിപൂർവ്വമായി കോതമംഗലം മുനിസിപ്പാലിറ്റിക്ക് ഈ ഭൂമി വിട്ടുകൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു അഫിഡവിറ്റ് ഫയൽ ചെയ്യുന്ന കാര്യത്തെക്കുറിച്ചാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. തീർച്ചയായും അത് ന്യായമായ ഒരു കാര്യമാണെന്നതന്നെയാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. വനം വകുപ്പുമായി ബന്ധപ്പെട്ട് അതിന്റെ നടപടികൾ നിയമ വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് അതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

8. കയ്പമംഗലം തീരദേശമേഖല സംരക്ഷിക്കൽ

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഈ സബ്മിഷനിലൂടെ കയ്പമംഗലം മണ്ഡലത്തിലെ വിഷയം മാത്രമല്ല തീരദേശ മേഖലയിലെ എല്ലാ എം.എൽ.എ.-മാരേയും ബാധിക്കുന്ന പ്രശ്നമാണ് ഉന്നയിക്കുന്നത്. തൃശ്ശൂർ ജില്ലയുൾപ്പെടെയുള്ള എല്ലാ കടലോര